

വിശകലനം/
ഫഹ്മീ ഹുവൈദി

# തെഹ്റാനിൽനിന്നൊരു റിപ്പോർട്ട്

**ആണവ** ചർച്ചക്ക് ഇറാൻ നിയോഗിച്ചിരുന്ന അലി ലാറിജാനി തൽസ്ഥാനം രാജിവെച്ച വാർത്ത അറബി പത്രങ്ങളിൽ വന്ന ദിവസമാണ് ഞാൻ തെഹ്റാനിലെത്തിയത്. റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിന്റെ തെഹ്റാൻ പര്യടനത്തിനിടയിൽ അദ്ദേഹത്തെ വധിക്കാനുള്ള നീക്കം കണ്ടെത്തിയതായി അതിനു മുമ്പ് വാർത്ത വന്നിരുന്നു. അർമീനിയ സന്ദർശനം വെട്ടിക്കുറച്ച് പ്രസിഡന്റ് അഹ്മദീ നിജാദ് ഇറാനിലേക്ക് മടങ്ങിയത് എന്തോ ഒരു അടിയന്തര സാഹചര്യമുണ്ടായതിനാലാണെന്നും വാർത്തയുണ്ടായി. ഇറാനിയൻ വിദേശകാര്യമന്ത്രി മനൂശഹർ മുത്തകി രാജിവെച്ചതായ വാർത്തയും അറബി പത്രങ്ങളിൽ വരികയും പിന്നീട് അത് നിഷേധിക്കപ്പെടുകയും ചെയ്തു.

ഇറാനുമായി ബന്ധപ്പെട്ട കിംവദന്തികൾ അറബി പത്രങ്ങളിൽ തുടർച്ചയായി വരുന്നത് യാദൃഛികമല്ലെന്നാണ് ഒരു ഇറാൻ വക്താവ് പറഞ്ഞത്. ഇറാൻ ഉയർത്തുന്ന അപകടത്തെക്കുറിച്ചും 'ശീഈ ചന്ദ്രക്കല'യെക്കുറിച്ചും അറബ്ലോകത്ത് നടക്കുന്ന രാഷ്ട്രീയമായ അനിഷ്ട സംഭവങ്ങളിൽ ഇറാന്റെ പങ്കിനെക്കുറിച്ചും വരുന്ന വാർത്തകളോടൊപ്പം കിംവദന്തികൾ ചേർത്തു വെച്ചാൽ അവ ഒരു മനശ്ശാസ്ത്രയുദ്ധത്തിന്റെ ഭാഗമാണെന്ന് മനസ്സിലാകുമെന്ന് അദ്ദേഹം പറഞ്ഞു. അറബ് രാജ്യങ്ങളും ഇറാനും തമ്മിലുള്ള ബന്ധം വഷളാക്കുക മാത്രമല്ല അറബ് ലോകത്തിന് ഭീഷണി ഇസ്രയേലല്ല; ഇറാനാണ് എന്ന് തെറ്റിദ്ധരിപ്പിക്കുക കൂടിയാണ് ഇതിന്റെ ലക്ഷ്യം.

അമേരിക്ക ഇറാനെ ആക്രമിക്കാൻ പോകുന്നു എന്ന വാർത്തയും കിംവദന്തിയാണോ എന്ന് ചോദിച്ചപ്പോൾ പേര് വെളിപ്പെടുത്തരുതെന്ന നിബന്ധനയോടെ വക്താവ് പറഞ്ഞു: യുദ്ധം തെഹ്റാനിൽ വാർത്തയേയല്ല. അത് അമേരിക്കയുടെ ഭീഷണി മാത്രമാണ്. വിശദീകരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അമേരിക്ക തമാശ പറയുകയല്ലെന്ന് ഇറാന്ന് അറിയാം. എന്നാൽ യുദ്ധം തീരുമാനിച്ചിട്ടില്ല. അതേക്കുറിച്ച് വാഷിംഗ്ടണിൽ പ്രകടമായ അഭിപ്രായവ്യത്യാസമുണ്ട്. കാരണം ഇറാൻ അമേരിക്കയുടെ സുരക്ഷക്ക് ഭീഷണിയല്ല. യുദ്ധം കൊണ്ടുള്ള യഥാർഥ നേട്ടം ഇസ്രയേലിനാണ്. അമേരിക്ക ഇറാഖിലും അഫ്ഗാനിസ്താനിലും തന്നെ കെണിയിലകപ്പെട്ട അവസ്ഥയാണ്. പരിധിയില്ലാത്ത ശക്തിയുണ്ടെങ്കിലും യുദ്ധത്തിൽ അമേരിക്കയുടെ സാധ്യതകൾ പരിമിതമാണ്. ഇറാന്റെ ശക്തി പരിമിതമാണെങ്കിലും യുദ്ധത്തിൽ അതിന്റെ സാധ്യതകൾ വിപുലമാണ്. ആക്രമണത്തിനു പകരമായി അമേരിക്കയുടെ വിവിധ ലക്ഷ്യങ്ങൾക്കു നേരെ തിരിച്ചടി നടത്താൻ ഇറാന് സാധിക്കും. ഇറാഖിലെ ഒന്നര ലക്ഷത്തിലധികം അമേരിക്കൻ സൈനികരെ 'ബന്ദി'കളാക്കാൻ തെഹ്റാന് കഴിയും. യുദ്ധത്തെക്കുറിച്ച വാർത്ത വരുമ്പോഴേക്ക് ഒരു ബാരൽ എണ്ണയുടെ വില 90 ഡോളർ കവിയുന്നുണ്ടെങ്കിൽ യുദ്ധം യാഥാർഥ്യമാവുകയും ഹുർമുസ് കടലിടുക്ക് അടക്കുകയും ചെയ്താൽ എന്തായിരിക്കും അവസ്ഥ? ഇറാൻ ഇറാഖല്ലെന്നും വാഷിംഗ്ടണിന് അറിയാം. ഇറാനെ തകർത്ത് 50 കൊല്ലം പിറകോട്ട് കൊണ്ടുപോകാൻ അമേരിക്കക്ക് സാധിക്കുമെങ്കിലും അതിന്റെ പ്രത്യാഘാതം വിയറ്റ്നാം യുദ്ധത്തേക്കാൾ വലുതായിരിക്കുമെന്നും അമേരിക്കക്ക് ബോധ്യമുണ്ട്. റഷ്യൻ പ്രസിഡന്റ് പുടിൻ കഴിഞ്ഞ ഒക്ടോബർ മധ്യത്തിൽ നടത്തിയ ഇറാൻ സന്ദർശനത്തിൽ വാഷിംഗ്ടണ് വ്യക്തമായ സന്ദേശമുണ്ട്. തെഹ്റാനും മോസ്കോയും തമ്മിൽ ഉറച്ച നയതന്ത്ര ബന്ധമാണുള്ളത്. ചൈനയും പാകിസ്താനും മധ്യേഷ്യൻ രാജ്യങ്ങളും ഉൾപ്പെട്ട ഷാങ്ഹായ് സഹകരണ സംഘടനയിൽ

ഇറാൻ നിരീക്ഷകാംഗമാണ്. സാമ്പത്തിക സഹകരണ സംഘമായി തുടങ്ങിയ ഇത് പിന്നീട് രാഷ്ട്രീയ-സുരക്ഷാ സംഘടനയായി വികസിക്കുകയായിരുന്നു. അമേരിക്ക നയിക്കുന്ന നാറ്റോക്ക് ബദലായി ഒരു സുരക്ഷാ സേനക്ക് രൂപം നൽകാൻ ഷാങ്ഹായ് സംഘടന തീരുമാനിച്ചിട്ടുണ്ട്.

ഇറാനിയൻ രാഷ്ട്രീയ, സാംസ്കാരിക മേഖലകളിലെ ബഹുഭൂരിഭാഗവും ഉടനെയൊരു യുദ്ധമുണ്ടാകില്ലെന്ന് കരുതുന്നവരാണ്. അതേസമയം എത്ര മോശപ്പെട്ട സാധ്യതയെയും നേരിടാനുള്ള ഒരുക്കങ്ങൾ പല തലങ്ങളിൽ നടക്കുന്നുമുണ്ട്. ഇറാന്റെ രാഷ്ട്രീയ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ അമേരിക്കയുടെ സമ്മർദത്തിന്റെ പശ്ചാത്തലത്തിൽ എളുപ്പം മനസ്സിലാക്കാവുന്നതാണ്. ആണവ പദ്ധതിയെക്കുറിച്ച് പാശ്ചാത്യ രാഷ്ട്രങ്ങളുമായി ചർച്ച ചെയ്യാനുള്ള ചുമതലയിൽനിന്ന് ലാറിജാനിയെ മാറ്റി ജലീലിയെ നിയമിച്ചത് ഇതിന്റെ ഭാഗമാണ്. വിപ്ലവ ഗാർഡ് മേധാവി റഹീം സ്വഫവിക്കു പകരം ജനറൽ ജഅ്ഫരിയെ നിയമിച്ചതും അങ്ങനെത്തന്നെ. ജലീലി ലാറിജാനിയേക്കാൾ കടുംപിടിത്തക്കാരനായിരിക്കുമെന്ന് ഒരു ഇറാനിയൻ വിദഗ്ധൻ പറഞ്ഞു. മേഖലയിലെ വെല്ലുവിളികൾ നേരിടാൻ ജഅ്ഫരി അനുയോജ്യനാണ്. പക്ഷേ, അമേരിക്കയുമായി ഏറ്റുമുട്ടലിനുള്ള സാധ്യത ജനറൽ ജഅ്ഫരിയെ പോലെ യുദ്ധതന്ത്ര നൈപുണ്യമുള്ള ഒരാളെ അനിവാര്യമാക്കിയിരിക്കുന്നു.

1800 കി.മീ ദൂരത്തേക്കെത്താൻ ശേഷിയുള്ള ശിഹാബ്-4 മിസൈലുകൾ സൈനിക നേതൃത്വത്തിന് കൈമാറാൻ പരമോന്നത നേതാവ് അലി ഖാംനഈ ഉത്തരവിട്ടിട്ടുണ്ട്. ദക്ഷിണ ഇറാനിലൂടെ കരമാർഗേണയുള്ള കടന്നുകയറ്റം തടയാനായി അഹ്വാസ് മേഖലയിൽ കുറേ പ്രദേശങ്ങളിലേക്ക് വെള്ളം തിരിച്ചുവിട്ടിരിക്കുന്നുവെന്നും പറയപ്പെടുന്നു. കഴിഞ്ഞ വർഷം ഇസ്രയേലീ സേന പരാജയപ്പെട്ട ലബനാൻ യുദ്ധത്തിൽ ചില പുതിയ ഇറാനിയൻ ആയുധങ്ങൾ വിജയകരമായി പരീക്ഷിക്കപ്പെട്ടത് ഇറാൻ നേതൃത്വത്തിന്റെ ആത്മവിശ്വാസം വർധിപ്പിച്ചിട്ടുണ്ട്.

അമേരിക്കൻ ആക്രമണത്തിനെതിരായ ആദ്യ തിരിച്ചടി പതിനൊന്നായിരം മിസൈലുകളുപയോഗിച്ചായിരിക്കുമെന്നും തിരിച്ചടി അമേരിക്കൻ ലക്ഷ്യങ്ങളിൽ മാത്രം ഒതുങ്ങില്ലെന്നും വിപ്ലവ ഗാർഡ് നേതാക്കളിലൊരാളുടെ റിപ്പോർട്ടിൽ സൂചനയുള്ളതായി എനിക്ക് വിവരം ലഭിച്ചു. ആക്രമണം മൂന്ന് ആണവ പരീക്ഷണ കേന്ദ്രങ്ങളിൽ പരിമിതമാണെങ്കിലോ എന്ന് ചോദിച്ചപ്പോൾ തിരിച്ചടി വ്യത്യസ്തമായിരിക്കുമെന്നാണ് മറുപടി ലഭിച്ചത്. ആക്രമണം എന്തുതന്നെയായിരുന്നാലും തിരിച്ചടിയുണ്ടാകുമെന്ന് ഖാംനഈ പ്രഖ്യാപിച്ചിട്ടുണ്ട്.

സാമ്പത്തിക ഉപരോധത്തെക്കുറിച്ച് വിദഗ്ധരുമായി സംസാരിച്ചപ്പോൾ വ്യവസായരംഗത്തെ അത് ഭാഗികമായി ബാധിച്ചേക്കുമെന്ന് അവർ പറഞ്ഞു. 15 രാഷ്ട്രങ്ങൾ ഇറാനിയൻ ഉൽപന്നങ്ങളെ ആശ്രയിക്കുന്നുണ്ട്. ഇവയിൽ ഭരണമില്ലെന്നു പറയാവുന്ന ഇറാഖിലും അഫ്ഗാനിസ്താനിലും ഉപരോധം നടപ്പിലാക്കുക സാധ്യമല്ല. ഉപരോധത്തോടുള്ള യൂറോപ്യൻ പ്രതികരണം ദുർബലമായിരിക്കും. ഇറാനിൽനിന്ന് തുർക്കി വഴി ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഓസ്ട്രിയയും ഇറ്റലിയും കരാറുണ്ടാക്കിയിട്ടുണ്ട്. ഈ രണ്ട് രാജ്യങ്ങളും ഇറാനെതിരായ സാമ്പത്തികോപരോധത്തെ ശക്തമായി എതിർക്കുകയാണ്. പാകിസ്താനും ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഇറാനുമായി കരാറുണ്ടാക്കിയിരിക്കുന്നു. പുടിന്റെ സന്ദർശനത്തോടനുബന്ധിച്ച് റഷ്യയുമായും ഇറാൻ ചില സുപ്രധാന കരാറുകൾ ഒപ്പുവെച്ചു. 8 ബില്യൻ ഡോളറിന്റെ ആയുധങ്ങൾ ഇറാൻ റഷ്യയിൽനിന്ന് വാങ്ങും. റഷ്യയിലെ ഏറ്റവും വലിയ കമ്പനി ഇറാന്റെ വാതക മേഖലയിൽ 6 ബില്യൻ ഡോളറിന്റെ നിക്ഷേപമിറക്കാനും തീരുമാനിച്ചിട്ടുണ്ട്. ഒപെക് പോലെ ഗ്യാസ് കയറ്റുമതി രാജ്യങ്ങളുടെ സംഘടനയുണ്ടാക്കാനും ഇറാനും റഷ്യയും തമ്മിൽ ധാരണയായിട്ടുണ്ട്. ഉപരോധം വിജയിപ്പിക്കാൻ വാഷിംഗ്ടൺ മുഖ്യമായും അറബ് രാജ്യങ്ങളിലാണ് പ്രതീക്ഷയർപ്പിക്കുന്നത്.

അമേരിക്കൻ ഭരണകൂടം ഇറാനെ ഒറ്റപ്പെടുത്താനും ഇറാനിയൻ ഭരണകൂടത്തെ തകർക്കാനും ശ്രമിക്കുന്നതിനനുസരിച്ച് ഇറാനിലെ യാഥാസ്ഥിതികരുടെ ശക്തിയും ജനപിന്തുണയും വർധിച്ചുവരികയാണ്. ഖാതമിയുടെ കാലത്ത് വരൾച്ച ബാധിച്ചിരുന്ന ചില പ്രവിശ്യകളിൽ നല്ല മഴ ലഭിച്ചതും കഴിഞ്ഞ ഭരണകാലത്ത് ബാരലിന് എട്ട് ഡോളറുണ്ടായിരുന്ന എണ്ണവില 90 ഡോളർ കവിഞ്ഞതും യാഥാസ്ഥിതികരിൽ പെടുന്ന അഹ്മദീ നിജാദിന്റെ ഗവൺമെന്റിന് അനുകൂലമായിരിക്കുകയാണ്. സാംസ്കാരിക പ്രവർത്തകരുടെ ഇടയിലല്ലാതെ പരിഷ്കരണവാദികളെ കുറിച്ച് കേൾക്കാനേയില്ലെന്നു പറയാം. ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയിലും തെരുവുകളിലുമെല്ലാം മേൽക്കൈ യാഥാസ്ഥിതികർക്കുതന്നെ. പരിഷ്കരണവാദികൾക്കിടയിലെ ഭിന്നതയും യാഥാസ്ഥിതികരെ ശക്തിപ്പെടുത്തിയിരിക്കുന്നു. പരിഷ്കരണവാദികളായ റഫ്സഞ്ചാനിയും ഖാതമിയും വ്യത്യസ്ത ചേരികളിലാണ്. ഖാതമി തന്റെ ഭരണത്തിൽ രാഷ്ട്രീയ പുരോഗതിക്കും സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിയെങ്കിലും സാമ്പത്തിക പുരോഗതിയുടെ കാര്യം ശ്രദ്ധിച്ചില്ല. അതിനാൽ പരിഷ്കരണവാദികളുടെ ഭരണം തങ്ങൾക്ക് ഗുണകരമാകില്ലെന്ന ധാരണ സാധാരണക്കാരിൽ ഉണ്ടായിട്ടുണ്ട്. ഖാതമിയുടെ ഭരണകാലത്ത് (1997-2005) പുറത്ത് ഇറാന്റെ പ്രതിഛായ മെച്ചപ്പെട്ടു. വിവിധ പാശ്ചാത്യ രാജ്യങ്ങളുമായി ബന്ധം സ്ഥാപിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. നാഗരികതകളുടെ സംവാദത്തിനായി ഖാതമി ആഹ്വാനം ചെയ്തു. അമേരിക്കയുമായുള്ള സഹകരണത്തിൽ ഏറെ മുന്നോട്ടുപോയി. 2001-ൽ അഫ്ഗാനിസ്താനിലെ താലിബാൻ ഭരണകൂടത്തെ വീഴ്ത്താൻ ഖാതമിയുടെ ഗവൺമെന്റ് അമേരിക്കയെ സഹായിച്ചു. പക്ഷേ, ഇറാനെ 'തിന്മയുടെ അച്ചുതണ്ടി'ൽ ഉൾപ്പെടുത്തിയാണ് അമേരിക്ക ഈ ഉപകാരത്തിന് നന്ദി കാട്ടിയത്. ഈ അനുഭവവും പരിഷ്കരണവാദികളുടെ നിലപാടുകളോട് ജനങ്ങളിൽ വിമുഖത വളർത്തിയിട്ടുണ്ട്. 2003-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലും 2005-ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിലും അനായാസം ജയിച്ചുകയറാൻ യാഥാസ്ഥിതികർക്ക് ഇതെല്ലാം സഹായകമായി.

ഇറാനുമേൽ അമേരിക്കയുടെ സമ്മർദവും യുദ്ധഭീഷണിയും വർധിച്ചുകൊണ്ടിരിക്കെ 2008 മാർച്ചിൽ നടക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലും പിറ്റേ വർഷത്തെ പ്രസിഡന്റ് തെരഞ്ഞെടുപ്പിലും യാഥാസ്ഥിതികർ നേട്ടം കൊയ്യാനാണ് കൂടുതൽ സാധ്യത. പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് പരിഷ്കരണവാദികൾ ഇപ്പോൾ ഒന്നിച്ചു നീങ്ങാൻ ശ്രമിക്കുന്നുണ്ട്. ഒക്ടോബർ 26-ന് പ്രതിപക്ഷത്തുള്ള അൽ മുശാറക പാർട്ടി വാർഷിക സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. ഖാതമിയും ചില മുൻ മന്ത്രിമാരും അതിൽ പങ്കെടുത്തു. പാർട്ടി ജനറൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ ഗവൺമെന്റിനെ രൂക്ഷമായി വിമർശിക്കുകയുണ്ടായി. എന്നാൽ ഖാതമി പരോക്ഷമായാണ് അഹ്മദീ നിജാദിനെ വിമർശിച്ചത്. സംഭവലോകത്തെ യാഥാർഥ്യങ്ങളും സങ്കീർണതകളും കണ്ടില്ലെന്നു നടിച്ച് വെളിപാടുകളുടെ അടിസ്ഥാനത്തിലെന്നോണം നയങ്ങൾ രൂപീകരിക്കുന്നവരെ അദ്ദേഹം വിമർശിച്ചു.

ബാഹ്യമായ വെല്ലുവിളികൾ ആഭ്യന്തരരംഗത്തെ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തെറ്റിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ ദേശീയബോധത്തെ മുറിവേൽപിക്കുകയും അവരുടെ അഭിമാനപ്രശ്നമാ

യി മാറുകയും ചെയ്ത ആണവ പ്രശ്നത്തെക്കുറിച്ചും അമേരിക്കയും ഇസ്രയേലുമുയർത്തുന്ന വെല്ലുവിളികളെക്കുറിച്ചും വാർത്താമാധ്യമങ്ങൾ നിത്യവും വാചാലമായിക്കൊണ്ടിരിക്കുമ്പോൾ ജനങ്ങളുടെ ജീവിതപ്രശ്നങ്ങൾക്ക് മുൻഗണനാക്രമത്തിലുള്ള സ്ഥാനം നഷ്ടപ്പെടുന്നു. തെരുവിലേക്കിറങ്ങുമ്പോഴാണ് ഇത് വ്യക്തമായി മനസ്സിലാവുക. തെഹ്റാന്റെ വടക്കു ഭാഗത്ത് പുതുതായി നിർമിച്ച ബഹുനിലകെട്ടിടങ്ങൾ ഞാൻ ശ്രദ്ധിക്കുന്നത് കണ്ട ടാക്സി ഡ്രൈവർ അവ 'പുത്തൻ അഹങ്കാരികളു'ടേതാണെന്നു പറഞ്ഞു. തെഹ്റാൻ നഗരസഭയും വാണിജ്യാവശ്യങ്ങൾക്ക് ഒരു ബഹുനില കെട്ടിടം നിർമിച്ചതായി അയാൾ പറഞ്ഞു. സ്വകാര്യവത്കരണത്തിന്റെയും പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നതിന്റെയും ഫലമായി വൻകിട വ്യാപാരികളുൾപ്പെട്ട പുതിയൊരു സമ്പന്ന വർഗം ഏതാനും വർഷങ്ങളായി ഉയർന്നുവന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ നഗരത്തിന്റെ തെക്കു ഭാഗത്തെ ജനവാസ കേന്ദ്രങ്ങളിൽ ഏതാനും സൂപ്പർ മാർക്കറ്റുകളുണ്ടായിരിക്കുന്നതൊഴിച്ചാൽ മാറ്റങ്ങളൊന്നുമില്ല. പുതിയ തലമുറ അനുയോജ്യമായ വീടില്ലാത്തതിന്റെ പ്രയാസമനുഭവിക്കുന്നു. കനത്ത വിലയും വാടകയും കാരണം വീട് വാങ്ങാനോ വാടകക്കെടുക്കാനോ സാധിക്കുന്നില്ല. സമ്പാദ്യം മുഴുവൻ കെട്ടിട ഉടമക്ക് പണയമായി നൽകി ഒന്നോ രണ്ടോ വർഷം അതിൽ താമസിക്കുകയാണ് ഈ പ്രശ്നത്തിന് ചിലർ കണ്ടിരിക്കുന്ന താൽക്കാലിക പരിഹാരം. വിലക്കയറ്റത്തെക്കുറിച്ചും പരാതിയുണ്ട്. ദരിദ്രരും ഇടത്തരക്കാരും വിലക്കയറ്റം മൂലം നന്നേ ക്ലേശിക്കുന്നു. നാണയപ്പെരുപ്പം കഴിഞ്ഞ മാർച്ചിലെ 13.5 ശതമാനത്തിൽനിന്ന് ഒക്ടോബറിൽ 15.8 ശതമാനമായി ഉയരുകയുണ്ടായി.

അഹ്മദീ നിജാദ് 2005-ൽ ഭരണമേറ്റെടുത്ത ശേഷം ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹരിക്കാൻ മാസത്തിൽ ഒരാഴ്ച എല്ലാ മന്ത്രിമാരോടുമൊപ്പം പ്രവിശ്യകളിൽ പര്യടനം നടത്തുന്നുണ്ട്. രാജ്യത്തെ മുപ്പത് പ്രവിശ്യകളിലും ഇതിനകം പര്യടനം പൂർത്തിയാക്കി. പുതുവർഷാരംഭത്തോടെ രണ്ടാമത്തെ പര്യടനമാരംഭിക്കാനുള്ള തയാറെടുപ്പിലാണ് അദ്ദേഹം. കഴിഞ്ഞ മൂന്നു വർഷമായി വ്യാവസായിക രംഗത്ത് പ്രകടമായ വളർച്ചയുണ്ട്. പക്ഷേ, രാഷ്ട്രീയ അനിശ്ചിതത്വവും ഉപരോധത്തിന്റെ സമ്മർദം മുറുകുന്നതും സാമ്പത്തികരംഗത്ത് കരിനിഴൽ വീഴ്ത്തിയിട്ടുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കാൻ പരിഷ്കരണവാദികൾ ഇതുപയോഗിച്ച് ഗവൺമെന്റിനെ വിമർശിക്കുന്നു. അഹ്മദീ നിജാദ് അകത്തുനിന്നും പുറത്തുനിന്നും വെല്ലുവിളി നേരിടുകയാണെന്ന് ചുരുക്കം. ■

(സംഗ്രഹം)